LIBRARY ARCHIVES Kerala Legislative Assembly

അന്യരായി മാറിയിരിക്കുന്നു. ഇപ്പോൾ ബാലഭവൻ വെട്ടിമുറിച്ച് ആ ബാലഭവന്റെ ചരമഗീതം മുഴക്കാൻ പോവുകയാണ്. ഈ നടപടിയിൽ നിന്നും സർക്കാർ പിൻമാറണം. ചലച്ചിത്ര അക്കാഡമി, ഫിലിം ഫെസ്റ്റിവൽ ഡയറക്ടറേറ്റ്, മിനി തിയേറ്റർ കോംപ്ലക്സ് എന്നിവ അടങ്ങിയ ഒരു സാംസ്ക്കാരിക സമുച്ചയം തിരുവനന്തപുരത്ത് ഉണ്ടാക്കുന്നതിനോട് എല്ലാവരും യോജിക്കും. ബാലഭവന്റെ രണ്ടര ഏക്കർ സ്ഥലം അപഹരിച്ചെടുത്ത് അവിടെ ഈ സ്ഥാപനം വരാനുള്ള ശ്രമം സർക്കാർ ഉപേക്ഷിക്കണം. ഒരു കാര്യം കൂടി പറയുവാനുള്ള സമയം വേണം. ഇതിന് വേറെ സ്ഥലം കണ്ടെത്തണം. അതുകൊണ്ട് പിഞ്ചുകുഞ്ഞുങ്ങൾക്കുവേണ്ടിയുള്ള ഈ സ്ഥാപനത്തിന്റെ കഴുത്തിൽ വച്ചിരിക്കുന്ന കത്തി സർക്കാർ ഉപേക്ഷിക്കണം. തിരുവനന്തപുരത്തെ ബാലഭവന്റെ ഭരണസമിതി രാഷ്ട്രീയവത്ക്കരിക്കുവാനുള്ള ശ്രമങ്ങളിൽ നിന്നും സർക്കാർ പിൻമാറണം. അതിനുവേണ്ടി ബൈ-ലോ ഭേദഗതി ചെയ്യാൻ ഇപ്പോൾ നടക്കുന്ന നീക്കങ്ങൾ വളരെ ഖേദകരമാണ്. അത്തരം ഹീനമായ നീക്കങ്ങളിൽ നിന്നും സർക്കാർ പിൻമാറാൻ തയ്യാറാകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, തിരുവനന്തപുരത്തെ ജവഹർ ബാലഭവൻ ആധുനികരിക്കുന്നതിനായി ശ്രീ. ഒ. എൻ. വി. കുറുപ്പ്, ശ്രീ. അടൂർ ഗോപാലകൃഷ്ണൻ, ശ്രീമതി സുഗതകുമാരി തുടങ്ങിയവർ അടങ്ങുന്ന ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഇതിനായി ചലച്ചിത്ര അക്കാഡമിയുടെ ഫണ്ടുകൂടി ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നു. ഓരോ വർഷവും ഏതാനും ദിവസം കുട്ടികളുടെ ചലച്ചിത്രോത്സവത്തിനും അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിനും ഇവിടെ പുതുതായി നിർമ്മിക്കുന്ന അധിക സൗകര്യങ്ങൾ ലഭ്യമാക്കാമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ചലച്ചിത്ര അക്കാഡമി ഇത്തരത്തിലുള്ള സാമ്പത്തിക സഹായം നൽകുന്നത്. ജവഹർ ബാലഭവന്റെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ജവഹർ ബാലഭവന് തന്നെ ലഭ്യമാക്കുക എന്നതും ഈ പദ്ധതിയുടെ ഉദ്ദേശമാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രകടിപ്പിച്ച ഉൽകണ്ഠകൾക്ക് യാതൊരു പ്രസക്തിയുമില്ല. ജവഹർ ബാലഭവന്റെ പ്രവർത്തനങ്ങൾ കൂടുതൽ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. രാഷ്ട്രീയവത്കരണത്തിന്റെ പ്രശ്നമേ ഇവിടെ ഉത്ഭവിക്കുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട സുഹൃത്ത് എം. മുരളി ഇവിടെ പ്രകടിപ്പിച്ച ആശങ്കകൾക്ക് അടിസ്ഥാനമില്ല എന്ന് അദ്ദേഹത്തെ അറിയിക്കുന്നു.

(5) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ശ്രീ. എം. എം. മോനായി: സർ, സമഗ്ര ആരോഗ്യ ഇൻഷ്വുറൻസ് പദ്ധതി (RHPY) പ്രകാരം രജിസ്റ്റർ ചെയ്യുകയും ഇൻഷ്വുറൻസ് കാർഡ് നേടുകയും ചെയ്ത ബി.പി.എൽ., എ.പി.എൽ. വിഭാഗങ്ങളിൽപ്പെട്ട പലർക്കും പല സ്വകാര്യ ആശുപത്രികളും ചികിത്സ നിഷേധിക്കുന്നതായി അടുത്ത നാളുകളിലായി ധാരാളം പത്രങ്ങൾ ഉണ്ടാകുന്നു. പ്രസ്തുത പദ്ധതി പ്രകാരം ചികിത്സ നൽകിയ ഇനത്തിൽ ലക്ഷക്കണക്കിന് രൂപ ഓരോ ആശുപത്രികൾക്കും ഇൻഷ്വുറൻസ് കമ്പനി നൽകാനുണ്ടെന്നാണ് ആശുപത്രി അധികൃതരുടെ

വിശദീകരണം. അർഹമായ ക്ലെയിമുകൾ നൽകാതിരിക്കുന്നതിലൂടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പ്രീമിയമായി അടച്ചിട്ടുള്ള കോടിക്കണക്കിന് രൂപ ലാഭമാക്കി എടുക്കുന്നതിനുള്ള കമ്പനിയുടേയും ഇടനിലക്കാരായി പ്രവർത്തിക്കുന്ന മെഡ്സേർവ് എന്ന സ്വകാര്യ സ്ഥാപനത്തിന്റേയും നിക്ഷിപ്ത താൽപ്പര്യമാണ് ഇതിന്റെ പിന്നിലുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിന് ഇൻഷ്വറൻസ് കമ്പനിയും 'ചിയാഗും' ഉള്ളപ്പോൾ ഇടനിലക്കാരായി മെഡ്സേർവ് പോലെയുള്ള ഒരു കമ്പനിയുടെ ആവശ്യം പോലുമില്ലാത്തതാണ്. ഇക്കാരണങ്ങളാൽ പദ്ധതിയിൽ പാനൽ ചെയ്തിട്ടുള്ള ചുരുക്കം സ്വകാര്യ ആശുപത്രികളും പദ്ധതിയിൽ നിന്ന് പിൻമാറുവാൻ ഇടയായിട്ടുണ്ട്. ആയതിനാൽ ഈ കാര്യങ്ങൾ ഗൗരവമായി പരിശോധിക്കണമെന്നും പദ്ധതിയിൽ ചേർന്നിട്ടുള്ളവർക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): സർ, സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ചേർന്നിട്ടുള്ള ആശുപത്രികൾക്ക് നൽകാനുള്ള തുക ഉടനടി കൊടുത്തു തീർക്കണമെന്നും ഇതുമൂലം സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ചേർന്നവർക്ക് ചികിത്സ നിഷേധിക്കുന്ന അവസ്ഥ ഉണ്ടാകരുതെന്നും കേന്ദ്ര ഫാതുമേഖലാ ഇൻഷുറൻസ് കമ്പനിയായ യുണൈറ്റഡ് ഇൻഡ്യാ ഇൻഷുറൻസ് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയം ഗൗരവമായി എടുക്കുന്നതിനുവേണ്ട തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. പദ്ധതി നടപ്പിലായി. മെഡ്സേർവ് പോലുള്ള ഇന്റർമീഡിയറി ഓർഗനൈസേഷൻസ് അവരുടെ സേവനമാണ് ഉപയോഗപ്പെടുത്തുന്നത്. തേർഡ് പാർട്ടി അഡ്മിനിസ്ട്രേറ്റേഴ്സ് എന്നുപറയും. കേന്ദ്ര ഗവൺമെന്റിന്റെ സോഫ്റ്റ്വെയർ ഇവരുടെ നിയന്ത്രണത്തിലാണ്. ആ സോഫ്റ്റ്വെയർ ഉപയോഗിച്ച് മാത്രമേ നമുക്ക് ഇത് നടത്താൻ കഴിയുകയുള്ളൂ. ഇൻഡ്യയിൽ മറ്റ് സംസ്ഥാനങ്ങളിലും ഇപ്രകാരമാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. മാത്രവുമല്ല, ഇതിന് ഇൻഷുറൻസ് റഗുലേറ്ററി ആന്റ് ഡെവലപ്മെന്റൽ അതോറിറ്റിയുടെ അംഗികാരവും ഉള്ളതാണ്. ഇൻഷുറൻസ് കമ്പനിക്കോ ചിയാഗിലോ ഇത്രയും ബൃഹത്തായ പദ്ധതി നടത്തിപ്പിനുള്ള എല്ലാ സംവിധാനങ്ങളും പെട്ടെന്ന് ഏർപ്പെടുത്താൻ സാധിക്കുകയില്ല. കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തി സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ചേർന്ന കുടുംബങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് 165 സ്വകാര്യ ആശുപത്രികളും 134 സർക്കാർ ആശുപത്രികളും ഈ പദ്ധതിയനുസരിച്ചുള്ള ചികിത്സ നൽകിയിട്ടുണ്ട്. വിവിധ കാരണങ്ങളാൽ ഒഴിവാക്കപ്പെട്ടതും സ്വയം ഒഴിവായതും കഴിച്ച് 128 സ്വകാര്യ ആശുപത്രികളും 142 സർക്കാർ ആശുപത്രികളും ഈ പദ്ധതിയിൻ കീഴിൽ ഇപ്പോൾ ചികിത്സ നടത്തിവരുന്നുണ്ട്. ഈ സാമ്പത്തിക വർഷം ഇതിനോടകം 2,97,477 കുടുംബങ്ങൾക്ക് 93.3 കോടി രൂപയുടെ സൗജന്യ ചികിത്സ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly